**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1074.** **01.03.2017 ന് മറുപടിയ്ക്ക്**

## കഞ്ചാവിന്റെ ഉപയോഗത്തിലുണ്ടായ വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഞ്ചാവിന്റെ ഉപയോഗത്തിലുണ്ടായ വർദ്ധനവ് ഗൗരവമായി കാണുന്നുണ്ടോ ; ഇതിന്റെ വിപണന സംഘങ്ങളെ നിയന്ത്രിക്കുന്നതിൽ എക്സൈസ് വകുപ്പ് മതിയായ ജാഗ്രത കാണിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (എ) | കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകളുടെ ഉപയോഗത്തിലുണ്ടായ വർദ്ധനവ് സർക്കാർ വളരെ ഗൗരവമായി കാണുന്നു. ഇത്തരം ദുഷ്പ്രവണതകൾ മൂലമുണ്ടാകുന്ന ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങളെ കാര്യക്ഷമമായി നേരിടുന്നതിനും മയക്കുമരുന്നുകളുടെ ഉപയോഗം ഫലപ്രദമായി ഇല്ലായ്മ ചെയ്യുന്നതിനും സർക്കാർ മുന്തിയ പരിഗണന നൽകുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃതമായ വിൽപനയും കടത്തും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുള്ള ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിന് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | സ്കൂളുകൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ വിൽപ്പനക്കാരുമായ ഇത്തരം സംഘങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരം ലഹരിവസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | ലഹരി വസ്തുക്കളുടെ വർദ്ധിച്ചു വരുന്ന ഉപയോഗം തടയുന്നതിന് മുന്തിയ പരിഗണന നൽകി ഫലപ്രദമായ നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗവും അനധികൃത |

| | | | |
|---|---|---|---|
| | | | വിൽപനയും കടത്തും തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെയും ഉൾപ്പെടുത്തി ലഹരി മരുന്ന് കേസുകളിലടക്കം ഫലപ്രദമായി അന്വേഷണം നടത്തി യഥാർത്ഥ കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിന് പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"-യുടെ ഭാഗമായി മുൻസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത്/ വാർഡ് തലങ്ങളിലുള്ള കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, മേൽ മിഷന്റെ കീഴിൽ ശക്തമായ ബോധവത്ക്കരണപ്രവർത്തനങ്ങൾ നടപ്പിലാക്കിയും വരുന്നുണ്ട് |

**സെക്ഷൻ ഓഫീസർ**